## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.836 30.10.2019 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## എസ്.സി/എസ്.ടി കോളനികളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">അന്തിമ മറുപടി</th></tr>
<tr><td colspan="2">ശ്രീ.എൻ.എ നെല്ലിക്കുന്ന്</td><td colspan="2">എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എസ്.സി/എസ്.ടി കോളനികളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം (2016-17) 40 ഉം അതിലധികവും പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന 255 കോളനികൾ തെരഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. 2018-19-ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ നാശനഷ്ടം നേരിട്ടതും 30 ലധികം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ 88 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. മുപ്പതും അതിലധികവും പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ 2019-20-ലെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം വികസന പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം I മുതൽ III വരെയായി ഉൾക്കൊള്ളിച്ചിരിക്കുന്നു.<br>ഏറ്റവും പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധം IV-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.</td></tr>
<tr><td>(ബി)</td><td>ഏതെല്ലാം ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത വികസന പ്രവർത്തനങ്ങൾ നടത്തിയതെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>അംബേദ്കർ ഗ്രാമം പദ്ധതിയിക്കായി 2225-01-283-85 (പ്ലാൻ), അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയ്ക്കായി 2225-02-102-85(പ്ലാൻ) ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള ഫണ്ട് വിനിയോഗിക്കുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | എസ്.സി/എസ്.ടി കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടത്താനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | 2016-17 സാമ്പത്തിക വർഷം നാൽപതോ, അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും 50% അധികം പട്ടികജാതിക്കാരുള്ളതും അടിസ്ഥാന സൗകര്യങ്ങൾ പരിമിതമായതുമായ കോളനികളെയാണ് പദ്ധതി പ്രകാരം തെരഞ്ഞെടുത്തിരിക്കുന്നത്. 2019-20 സാമ്പത്തിക വർഷം 30-തോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ ഉള്ള കോളനികളെയാണ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്.<br>സംസ്ഥാനത്ത് ഏറ്റവും പിന്നാക്കം നിൽക്കുന്ന കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളിലുള്ള പിന്നോക്കാവസ്ഥ മാനദണ്ഡമാക്കിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ കോളനികളെ തെരഞ്ഞെടുക്കുന്നത്. |
| (ഡി) | എസ്.സി/എസ്.ടി കോളനികളിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതികളിൽ പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചിട്ടും പൂർത്തിയാക്കാൻ പറ്റാത്തവ എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; എത്ര വർഷമായി നിർമ്മാണം അനന്തമായി നീളുന്നുണ്ടെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ? | (ഡി) | തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ എല്ലാ നടപടിക്രമങ്ങളും പാലിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നിർവ്വഹണമാരംഭിച്ച ശേഷം എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തുന്നതും പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത കോളനികളിൽ പ്രളയാനന്തര നാശനഷ്ടങ്ങൾ സംഭവിച്ചതും, ചില നിർവ്വഹണ ഏജൻസികളുടെ ഭാഗത്ത് നിന്നുണ്ടായ ശ്രദ്ധക്കുറവും പദ്ധതി നിർവ്വഹണത്തിൽ കാലതാമസത്തിനിടയാക്കി. |

സെക്ഷൻ ഓഫീസർ